എ.വൈ.ആർ


## സൂറ-11

# ഹൂദ്

إِلَّا ٱلَّذِينَ صَبَرُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ أُو۟لَـٰٓئِكَ لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ
﴿١١﴾

11 ഈ ദോഷത്തിൽനിന്നൊഴിവാകുന്നത് ക്ഷമാശീലരും സൽകർമങ്ങളാചരിക്കുന്നവരും മാത്രമാകുന്നു. അവർക്കുള്ളതത്രെ പാപമുക്തിയും മഹത്തായ കർമഫലവും.

فَلَعَلَّكَ تَارِكٌۢ بَعْضَ مَا يُوحَىٰٓ إِلَيْكَ وَضَآئِقٌۢ بِهِۦ صَدْرُكَ
أَن يَقُولُوا۟ لَوْلَآ أُنزِلَ عَلَيْهِ كَنزٌ أَوْ جَآءَ مَعَهُۥ مَلَكٌ ۚ إِنَّمَآ أَنتَ نَذِيرٌ ۚ
وَٱللَّهُ عَلَىٰ كُلِّ شَىْءٍ وَكِيلٌ ﴿١٢﴾

12 പ്രവാചകാ, ഇക്കൂട്ടർ ഇയാൾക്കൊരു ഖജനാവ് ഇറക്കപ്പെടാത്തതെന്ത്, അല്ലെങ്കിൽ ഇയാൾക്കൊരു മലക്കിന്റെ അകമ്പടിയില്ലാത്തതെന്ത് എന്ന് ജൽപിക്കുന്നതു കേട്ട് നിനക്ക് ലഭിച്ച ദിവ്യവെളിപാടുകളിൽ ചിലത് വിട്ടുകളയേണ്ടതില്ല. അത്തരം ജൽപനങ്ങളിൽ മനോവ്യഥയും വേണ്ട. നീ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. സകല സംഗതികൾക്കും ഉത്തരവാദപ്പെട്ടവൻ അല്ലാഹുവത്രെ.

إِلَّا ٱلَّذِينَ صَبَرُوا۟= ക്ഷമിച്ചവരൊഴിച്ച് (ഈ ദോഷത്തിൽനിന്ന് ഒഴിവാകുന്നവർ ക്ഷമാശീലർ മാത്രമാകുന്നു)

وَعَمِلُوا۟ ٱلصَّـٰلِحَـٰتِ= സൽക്കർമങ്ങളാചരിച്ചവരും(മാത്രമാകുന്നു)

കർമഫലവും =وَأَجْرٌ പാപമുക്തി =مَّغْفِرَةٌ അവർക്കുള്ളതത്രെ =أُوْلَٰٓئِكَ لَهُم

വലിയ, മഹത്തായ =كَبِيرٌ

നീ ഉപേക്ഷിക്കുന്നവനായേക്കാം, വിട്ടുകേളയേണ്ടതില്ല, ഉപേക്ഷിക്കുകയോ =فَلَعَلَّكَ تَارِكُۢ

നിനക്കു ലഭിച്ച ദിവ്യ വെളിപാടിൽ =مَا يُوحَىٰٓ إِلَيْكَ ചിലതിനെ =بَعْضَ

അതുകൊണ്ട് നിന്റെ മാറ് ഇടുങ്ങുന്നവനുമായേക്കാം, നിന്റെ മനസ്സ് =وَضَآئِقُۢ بِهِۦ صَدْرُكَ

ഇടുങ്ങുന്നവനാവുകയോ (അത്തരം ജൽപനങ്ങളിൽ മനോവ്യഥയും വേണ്ട)

അവർ പറയൽ(യുന്നത് കേട്ട്) =أَن يَقُولُواْ

അവന്റെ മേൽ (ഇയാൾക്ക്) ഇറക്കപ്പെടാത്തതെന്ത്? =لَوْلَآ أُنزِلَ عَلَيْهِ

ഒരു ഖജനാവ് =كَنزٌ

അല്ലെങ്കിൽ അവന്റെ കൂടെ വരാത്തതെന്ത് =أَوْ جَآءَ مَعَهُۥ

(ഇയാൾക്ക് അകമ്പടിയില്ലാത്തതെന്ത്)

ഒരു മലക്ക്(ക്കിന്റെ) =مَلَكٌ

അല്ലാഹുവത്രെ =وَٱللَّهُ നീ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു =إِنَّمَآ أَنتَ نَذِيرٌ

ഉത്തരവാദപ്പെട്ടവൻ =وَكِيلٌ എല്ലാ സംഗതികൾക്കും =عَلَىٰ كُلِّ شَيْءٍ

**11:** മുൻ സൂക്തത്തിൽ പരാമർശിച്ച, മനുഷ്യരിൽ പൊതുവായി കാണപ്പെടുന്ന ദുശ്ശീലത്തിൽനിന്നും ദൗർബല്യത്തിൽനിന്നും മുക്തരാകണമെങ്കിൽ രണ്ടു കാര്യങ്ങൾ മുറുകെ പിടിച്ചിരിക്കണം. പ്രവാചക സന്ദേശത്തെ തള്ളിപ്പറയുന്നവർക്ക് ഇല്ലാത്തത് ആ രണ്ടു കാര്യങ്ങളാണ്. സ്വബ്ർ ആണ് ഒന്ന്. സഹനം, സ്ഥൈര്യം, ക്ഷമ എന്നീ ആശയങ്ങൾ വഹിക്കുന്ന ശബ്ദമാണ് സ്വബ്ർ –صبر. ഇവിടെ എല്ലാ ആശയങ്ങളും ഉദ്ദേശ്യമാണ്. രണ്ടാമത്തേത് العمل الصّالحات (സൽകർമങ്ങൾ)ആണ്. അതായത്, കർമ ജീവിതത്തിൽ അനാചാരവും അധർമവും വെടിഞ്ഞ് നീതിയും ധർമവും അനുഷ്ഠിക്കുന്നവർ. ഇവിടെ പരാമർശിച്ച സ്വബ്റിൽ സ്വയം സഹനവും സ്ഥൈര്യവും അവലംബിക്കുന്നതോടൊപ്പം മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കുന്നതും അതോടൊപ്പം അല്ലാഹുവിലുള്ള വിശ്വാസവും സത്യപ്രബോധനവുംകൂടി ഉൾപ്പെടുന്നു. ക്ഷമയുടെയും സഹനത്തിന്റെയും യഥാർഥ ഉറവിടം അല്ലാഹുവാണ്. സൂറ *അൽ അസ്വ്റി*ൽ പറയുന്നു:

وَٱلْعَصْرِ ﴿١﴾ إِنَّ ٱلْإِنسَٰنَ لَفِى خُسْرٍ ﴿٢﴾ إِلَّا ٱلَّذِينَ ءَامَنُواْ وَعَمِلُواْ
ٱلصَّٰلِحَٰتِ وَتَوَاصَوْاْ بِٱلْحَقِّ وَتَوَاصَوْاْ بِٱلصَّبْرِ ﴿٣﴾

(കാലമാണ! മനുഷ്യൻ മഹാനഷ്ടത്തിലാകുന്നു; സത്യവിശ്വാസം കൈക്കൊള്ളുകയും സൽകർമങ്ങളാചരിക്കുകയും സത്യവും ക്ഷമയും പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴിച്ച്).

സ്വന്തം ഭാഗധേയം അല്ലാഹുവിൽ സമർപ്പിച്ച് അവന്റെ കാരുണ്യം കാത്തിരിക്കുകയാണ് സ്വബ്ർ. അങ്ങനെ ചെയ്യുന്നവർ പൈശാചികമായ പ്രകോപനങ്ങൾക്കും

പ്രലോഭനങ്ങൾക്കും അടിപ്പെടുകയില്ല. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും
അക്രമങ്ങൾക്കുമെതിരെ അടിയുറച്ചുനിൽക്കും. സത്യത്തിലേക്കും ധർമത്തിലേക്കു
മുള്ള പാത എത്ര ദുർഘടവും ദുഷ്കരവുമാണെങ്കിലും സഹനത്തോടെ സാവകാശം
തരണം ചെയ്യും. ക്ഷണികമായ സുഖങ്ങളിലും നേട്ടങ്ങളിലും അവർ അഹങ്കരിക്കു
കയോ ധാർഷ്ട്യത്തോടെ വർത്തിക്കുകയോ ഇല്ല. എല്ലാം അല്ലാഹുവിന്റെ ദയയും
ദാക്ഷിണ്യവുമായി കരുതുന്നവരുടെ ഹൃദയങ്ങൾ അവനോടുള്ള നന്ദിയാലും ഭക്തി
യാലും നിർഭരമാകുന്നു. അവൻ തൃപ്തിപ്പെടുന്ന രീതിയിൽ മാത്രമേ അവരത് കൈ
കാര്യം ചെയ്യുകയുള്ളൂ. ഉണ്ടായിരുന്ന ക്ഷേമൈശ്വര്യങ്ങൾ നഷ്ടപ്പെട്ടാൽ അവർ നിരാ
ശരോ ദൈവവിരോധികളോ ആകുന്നുമില്ല. ദൈവം  നൽകിയത് അവൻ തന്നെ തിരി
ച്ചെടുത്തു എന്ന് സമാധാനിക്കും. ആർക്കും എന്തും നൽകാനും വിലക്കാനും പൂർണ
അധികാരമുള്ള ദൈവം അവന്റെ അധികാരം ഏറ്റം യുക്തിയുക്തമായേ ഉപയോഗിക്കൂ
എന്നവർക്കറിയാം. വിലക്കിയതെല്ലാം എപ്പോൾ വേണമെങ്കിലും വീണ്ടും നൽകാൻ
കഴിവും സ്വാതന്ത്ര്യവുമുള്ളവനാണവൻ. ദൈവമേ ഇനിയും നൽകേണമേ എന്ന
പ്രാർഥനയും അവൻ പൂർവോപരി നൽകുമെന്ന പ്രതീക്ഷയും അവരെ കർമകുശല
രാക്കി മുന്നോട്ടു നയിക്കുന്നു. എത്ര നിസ്സഹായവും ശോചനീയവുമായ കഷ്ടാവസ്ഥ
യിലും മനുഷ്യമനസ്സിന് ഈ വിധത്തിലുള്ള ക്ഷമയും സ്ഥൈര്യവും കർമപ്രചോദ
നവും നൽകാൻ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്തിനല്ലാതെ മറ്റൊരു
ശക്തിക്കും കഴിയില്ല. താനഭിമുഖീകരിക്കുന്ന ഓരോ പ്രതിസന്ധിയും യഥാർഥ വിശ്വാ
സിയുടെ ക്ഷമയെയും സ്ഥൈര്യത്തെയും ദൃഢീകരിക്കുകയേയുള്ളൂ.

പ്രവാചകന്മാരുടെ പ്രബോധനം സ്വീകരിച്ച് അല്ലാഹുവിൽ വിശ്വാസമർപ്പിക്കു
കയും ക്ഷമയോടെ, സഹനത്തോടെ സത്യത്തിന്റെയും ധർമത്തിന്റെയും മാർഗത്തിൽ
നിലകൊള്ളുകയും ചെയ്തവരുടെ ജീവിതം പാപത്തിന്റെ മാലിന്യങ്ങളിൽനിന്ന് ശുദ്ധീ
കരിക്കപ്പെടുന്നു. അവർ നേരത്തെ ചെയ്തുപോയ പാപങ്ങൾ അല്ലാഹു പൊറുത്തു
കൊടുക്കുന്നു. അങ്ങനെ ജീവിതം ശുദ്ധീകരിച്ചവർക്കായി മരണാനന്തരം പരലോകത്ത്
അല്ലാഹു മഹത്തായ കർമഫലം ഒരുക്കിവെച്ചിരിക്കുന്നു.

**12:** തുടർന്ന് പറയുന്ന കാര്യത്തിലുള്ള പ്രതീക്ഷയെ സൂചിപ്പിക്കുന്ന പദമാണ് لعلّ.
ഇതിനോട് ചേർന്ന ഉത്തമപുരുഷ സർവനാമ ശബ്ദമാണ് പദാന്ത്യത്തിലെ ك. ഇതനു
സരിച്ച് فَلَعَلَّكَ تَارِكٌ എന്നതിനർഥം, 'നീ വിട്ടുകളഞ്ഞുകൂടാ' എന്നോ, 'നീ വിട്ടുകളയു
കയോ' എന്നോ ആണ്. ഇപ്പറഞ്ഞ ആശയത്തിലാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്.
പരാമർശിക്കപ്പെടുന്ന സംഗതി സംഭവിക്കാൻ സാധ്യതയുള്ള സാഹചര്യം ഉളവായിരി
ക്കുന്നു എന്നാണ് لعلّയുടെ അടിസ്ഥാനാശയം. സന്ദർഭോചിതമായി ഈ സാധ്യതക്ക്
വഴങ്ങാനും വഴങ്ങാതിരിക്കാനുമുള്ള പ്രേരണയും അതുൾക്കൊള്ളുന്നു. ഈ ശൈലി
ഖുർആൻ പല സന്ദർഭങ്ങളിലും പ്രയോഗിച്ചിട്ടുണ്ട്. ഉദാ:

فَلَعَلَّكَ بَـٰخِعٌ نَّفْسَكَ عَلَىٰٓ ءَاثَـٰرِهِمْ إِن لَّمْ يُؤْمِنُوا۟ بِهَـٰذَا ٱلْحَدِيثِ أَسَفًا

(അവർ ഈ സന്ദേശത്തിൽ വിശ്വസിക്കാൻ കൂട്ടാക്കാത്തതിൽ ദുഃഖം പൂണ്ട് നീ സ്വയം
നശിപ്പിച്ചുകൂടാ –18:6) لَعَلَّكَ بَـٰخِعٌ نَّفْسَكَ أَلَّا يَكُونُوا۟ مُؤْمِنِينَ (അവർ വിശ്വാസികളാകാത്ത
തിന്റെ പേരിൽ നീ സ്വയം ഹനിക്കരുത്–26:3). ആളുകളുടെ സത്യനിഷേധവും പരിഹാ
സവും സത്യപ്രബോധകനെ ജീവനൊടുക്കാൻ പ്രേരിപ്പിക്കുമാറ് അക്രമാസക്തവും
അവഹേളനപരവുമായിട്ടുണ്ടെങ്കിലും പ്രബോധകൻ അതൊന്നും കൂസാതെ ഉറച്ച

കാൽവെപ്പുകളോടെ മുന്നോട്ടു നീങ്ങണമെന്നാണ് ഈ വാക്യങ്ങളുടെ താൽപര്യം. 7:2ൽ അല്ലാഹു പ്രവാചകനെ സമാശ്വസിപ്പിക്കുന്നു: فَلَا يَكُن فِى صَدْرِكَ حَرَجٌ مِّنْهُ (ഈ സന്ദേശത്തിന്റെ പേരിൽ നീ വേപഥുകൊള്ളേണ്ടതില്ല). 16:127ൽ പറയുന്നു: وَلَا تَحْزَنْ عَلَيْهِمْ وَلَا تَكُ فِى ضَيْقٍ مِّمَّا يَمْكُرُونَ (അവരെ പ്രതി നീ ദുഃഖിക്കേണ്ട; അവർ നടത്തുന്ന കുതന്ത്രങ്ങൾ കണ്ട് പരിഭ്രമിക്കുകയും വേണ്ട). ഇതേ അർഥത്തിലാണ് ഇവിടെ, فَلَعَلَّكَ تَارِكٌۢ بَعْضَ مَا يُوحَىٰٓ إِلَيْكَ എന്നു പറയുന്നത്. പ്രതികൂല സാഹചര്യങ്ങളെ ചെറുത്തുനിൽക്കാനുള്ള സ്ഥൈര്യവും ധൈര്യവും അല്ലാഹു അദ്ദേഹത്തിൽ ചൊരിഞ്ഞിരുന്നു. അതുകൊണ്ടാണ് രൂക്ഷമായ പരിഹാസ ശകാരങ്ങളെയും അക്രമ മർദനങ്ങളെയും അചഞ്ചലനായി നേരിടാൻ അദ്ദേഹത്തിനായത്. അല്ലാഹു പറയുന്നു: وَلَوْلَآ أَن ثَبَّتْنَـٰكَ لَقَدْ كِدتَّ تَرْكَنُ إِلَيْهِمْ شَيْـًٔا قَلِيلًا (നാം നിന്നെ ഉറപ്പിച്ചു നിർത്തിയിരുന്നില്ലെങ്കിൽ നീ അൽപമൊക്കെ അവരിലേക്ക് ചാഞ്ഞു പോകാനിടയുണ്ടായിരുന്നു – 18:74). ضاق(ഇടുങ്ങി)യുടെ കർതൃപദമാണ് ضَآئِقٌۢ. മാറ് ഇടുങ്ങി എന്നാണ് ضاق صدره ന്റെ ഭാഷാർഥം. മനസ്സ് ക്ലേശിച്ചു, പരിഭ്രമിച്ചു എന്നാണ് പ്രയോഗാർഥം. അവിശ്വാസികളുടെ പരിഹാസ ശകാരങ്ങൾ കേട്ട് പ്രവാചകൻ വ്യഥിതനാകരുത് എന്നാണ് ഇവിടെ ആശയം.

ഇസ്‌ലാമിനോടും പ്രവാചകനോടുമുള്ള ഖുറൈശികളുടെ വിരോധം മൂർഛിച്ച കാലത്താണ് ഈ സൂറയുടെ അവതരണം. വിഗ്രഹാരാധനയെയും അതുമായി ബന്ധപ്പെട്ട അനാചാരങ്ങളെയും വിമർശിക്കുന്ന ഖുർആൻ സൂക്തങ്ങളാണ് അവരെ ഏറെ പ്രകോപിപ്പിച്ചിരിക്കുന്നത്. അത്തരം സൂക്തങ്ങൾ മുഹമ്മദ് മഹാന്മാരായ പൂർവപിതാക്കളുടെ പാവന പാരമ്പര്യങ്ങളെ നന്ദിക്കുന്നുവെന്ന് പറഞ്ഞ് സാധാരണക്കാരെ ഇളക്കിവിടാനും അവരുപയോഗിച്ചു. തങ്ങളുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും അംഗീകരിക്കുമെങ്കിൽ, ചുരുങ്ങിയപക്ഷം വിമർശിക്കാതിരിക്കുകയെങ്കിലും ചെയ്യുമെങ്കിൽ മുഹമ്മദിനോടും ശിഷ്യന്മാരോടുമുള്ള ശത്രുതാപരമായ നടപടികളവസാനിപ്പിക്കാമെന്നും ഒരളവോളം അവരെ അംഗീകരിക്കാമെന്നും ഉള്ള ഒരൊത്തുതീർപ്പു ഫോർമുലയും അവരുടെ മനസ്സിലുണ്ടായിരുന്നു. വിശ്വാസങ്ങളെയും ആചാരങ്ങളെയും സംസ്കരിക്കാൻ നിയുക്തനായ പ്രവാചകന് ഒരിക്കലും അതംഗീകരിക്കാനാവില്ലല്ലോ. ഇത്തരം ഒരു ഫോർമുലയുടെ ആധാരം തന്നെ, പ്രവാചകൻ യഥാർഥത്തിൽ ദൈവദൂതനല്ലെന്നും ഭൗതിക സമ്പത്തും സ്വാധീനവും നേടാൻ ശ്രമിക്കുകയാണദ്ദേഹം എന്നുമുള്ള നിഗമനമാണ്. ഈയടിസ്ഥാനത്തിലാണ്, താൻ പറയുന്നതുപോലെ ദൈവദൂതനാണെങ്കിൽ തനിക്കും ശിഷ്യന്മാർക്കും പശിയടക്കാൻ ഗതിയില്ലാതായതെന്തേ, ദൈവം അവന്റെ ദൂതനെ നിന്നു പെഴക്കാനുള്ള ഫണ്ടൊന്നും തരാതെ വെറുംകൈയോടെ ഇങ്ങയച്ചുവെന്നോ എന്നെല്ലാം പരിഹസിക്കുന്നത്. كَنزٌ എന്നാണ് മൂലപദം. ഭൂമിയിൽ സൂക്ഷിക്കപ്പെട്ടതും അധ്വാനമില്ലാതെ ലഭ്യമാകുന്നതുമായ നിധിയാണ് كَنزٌ. ഖനിജങ്ങളും كَنزٌൽ പെടുമെങ്കിലും ഇവിടെ ഉദ്ദേശ്യം നിധിയാണ്. പശിയകറ്റാൻ വകയില്ലെങ്കിൽ പോകട്ടെ, ഇയാൾ ദൈവദൂതനാണെന്ന് സാക്ഷ്യപ്പെടുത്താൻ ഒരു മലക്കിനെയെങ്കിലും കൂടെ അയക്കേണ്ടതല്ലേ, അതുമില്ലല്ലോ എന്നായിരുന്നു മറ്റൊരു പരിഹാസം. ഈ പശ്ചാത്തലത്തിൽ അല്ലാഹു പ്രവാചകനെ സമാധാനിപ്പിക്കുകയാണ്.

നിന്നോട് ജനങ്ങളിൽ പ്രബോധനം ചെയ്യാൻ കൽപിച്ച ദിവ്യസന്ദേശങ്ങളിൽ യാതൊന്നും സത്യനിഷേധികളുടെയും ധർമധിക്കാരികളുടെയും, ഭീഷണികളും പ്രലോഭനങ്ങളും കേട്ട് വിട്ടുകളയുകയോ ഒളിച്ചു വെക്കുകയോ ചെയ്യേണ്ടതില്ല. അവ

രുടെ പരിഹാസ ശരങ്ങളിൽ നീ ഖിന്നനാകേണ്ടതുമില്ല. അല്ലാഹുവിന്റെ സന്ദേശം ചെകുത്താന്റെ കിങ്കരന്മാരെ വെകിളി പിടിപ്പിക്കുക സ്വാഭാവികമാണ്. ആ വെകിളി അവർ പലതരത്തിൽ പ്രകടിപ്പിച്ചുകൊണ്ടിരിക്കും. അതൊക്കെ സഹനത്തോടെ തരണം ചെയ്ത് സ്വന്തം ദൗത്യവുമായി മുന്നേറുകയാണ് പ്രവാചകധർമം. ആളുകളെ അവരാവശ്യപ്പെടുന്നതൊക്കെ ചെയ്തു കാണിച്ച് അത്ഭുതപ്പെടുത്തി വിശ്വസിപ്പിക്കാനൊന്നും നീ ഏൽപിക്കപ്പെട്ടിട്ടില്ല. ദൈവിക സന്ദേശങ്ങൾ വ്യക്തമായി വിളംബരം ചെയ്യുക; ഒന്നും വെട്ടിക്കളയുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യാതെ. അത് ബുദ്ധി പൂർവം കേൾക്കുന്നവർ വിശ്വസിക്കും. ബുദ്ധി വേണ്ടവിധം ഉപയോഗിക്കാത്തവർ അവ നിഷേധിക്കും. നിഷേധിച്ചുകൊള്ളട്ടെ. എല്ലാവർക്കും മുന്നറിയിപ്പു നൽകേണ്ട ഉത്തരവാദിത്വമേ നിനക്കുള്ളൂ. ജനം ആവശ്യപ്പെടുന്നതൊക്കെ ചെയ്തുകാണിക്കാൻ നിന്നെ ഉത്തരവാദപ്പെടുത്തിയിട്ടില്ല. നിനക്ക് അതൊട്ടു കഴിയുകയുമില്ല. അതിനൊക്കെ ഉത്തരവാദപ്പെട്ടവൻ സകലതിന്റെയും ഉത്തരവാദിയായ അല്ലാഹുവാണ്. ഈ ആശയം ഖുർആൻ പല രൂപത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. *അൽബഖറ* 272ൽ പറയുന്നു: لَّيْسَ عَلَيْكَ هُدَىٰهُمْ وَلَٰكِنَّ ٱللَّهَ يَهْدِى مَن يَشَآءُ (അവരെ സന്മാർഗസ്ഥരാക്കുക നിന്റെ ബാധ്യതയല്ല. പ്രത്യുത അല്ലാഹു അവനിഛിക്കുന്നവരെ സന്മാർഗസ്ഥരാക്കുന്നു). *അൽഗാശിയ* 21,22ൽ പറയുന്നു: فَذَكِّرْ إِنَّمَآ أَنتَ مُذَكِّرٌ ﴿٢١﴾ لَّسْتَ عَلَيْهِم بِمُصَيْطِرٍ (നീ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുക. ഉൽബോധകൻ മാത്രമാണ് നീ; അവരുടെ മേൽ അധീശാധികാരമുള്ളവനല്ല). *ഖാഫ്* 45-ാം സൂക്തത്തിൽ പറഞ്ഞു:

نَّحْنُ أَعْلَمُ بِمَا يَقُولُونَ ۖ وَمَآ أَنتَ عَلَيْهِم بِجَبَّارٍ ۖ فَذَكِّرْ بِٱلْقُرْءَانِ مَن يَخَافُ وَعِيدِ

(അവർ പറയുന്നതൊക്കെയും നാം അറിയുന്നുണ്ട്. നീ അവരുടെ സർവാധിപതിയൊന്നുമല്ല. താക്കീതുകൾ ഭയപ്പെടുന്നവരെ ഈ ഖുർആൻകൊണ്ട് ഉൽബോധിപ്പിക്കുകയാണ് നീ ചെയ്യേണ്ടത്).

ദീനുൽ ഇസ്‌ലാമിന്റെ തത്ത്വങ്ങളും നിയമങ്ങളും പൂർണരൂപത്തിൽ ജനങ്ങളിൽ പ്രബോധനം ചെയ്യേണ്ടത് നിർബന്ധമാണെന്നും മുസ്‌ലിം സമുദായത്തിനകത്തോ പുറത്തോ ഉള്ള നിർമതവാദികളുടെയും ഇസ്‌ലാം വിരുദ്ധരുടെയും ഇംഗിതം മാനിച്ച് അതിന്റെ ഏതെങ്കിലും ഭാഗം വിട്ടുകളയുകയോ ഒളിച്ചുവെക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാൻ പാടില്ലെന്നും അനുശാസിക്കുന്ന പ്രമാണമായി ഈ സൂക്തത്തെ ഇസ്‌ലാമിക പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ■